## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 357 — 10. 12. 2012 - ൽ മറുപടിക്ക്

### നെല്ലിയാമ്പതി ഭൂമി പ്രശ്നം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.ഗുരുദാസൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) നെല്ലിയാമ്പതി ഭൂമി പ്രശ്നത്തിൽ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണിയ്ക്കും ഗവ.ചീഫ് വിപ്പ് ശ്രീ.പി.സി.ജോർജ്ജിനും എതിരെ വിജില ൻസ് കേസ് എടുക്കാൻ വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുണ്ടോ; | (എ ) നെല്ലിയാമ്പതി ഭൂമി പ്രശ്നത്തിൽ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണിക്കും ഗവൺ മെന്റ് ചീഫ് വിപ്പ് ശ്രീ.പി.സി.ജോർജ്ജിനുമെതി രായി ജോർജ് വട്ടുകുളം ഫയൽ ചെയ്ത ഹർജി യിൽ തൃശ്ശൂർ വിജിലൻസ് കോടതി പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്ന തിനും ആയതിൽ മതിയായ രേഖകൾ കണ്ടെത്തു കയാണെങ്കിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷി ക്കണമെന്നും14.8.2012 - ൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) കോടതിയുടെ മുൻപാകെ വന്ന ഹർജി യിൽ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിക്ക പ്പെട്ടിരിക്കുന്നത്; ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത് അന്വേഷണം നടത്തുകയുണ്ടായോ; പ്രസ്തുത കേസിലെ പ്രതി കൾ ആരെല്ലാമാണ്; | (ബി) ശ്രീ.പി.സി.ജോർജിനെ ഒന്നാം കുറ്റാരോപി തനും ശ്രീ.കെ.എം.മാണിയെ രണ്ടാം കുറ്റാരോ പിതനും നെല്ലിയാമ്പതി എസ്റ്റേറ്റുകളുടെ മാനേ ജിംഗ് ഡയറക്ടറെ മൂന്നാം കുറ്റാരോപിതനുമായി ശ്രീ.ജോർജ് വട്ടുകുളം ഫയൽ ചെയ്ത ഹർജിക ളിൽ ആരോപണങ്ങൾ കോടതി മുമ്പാകെയുള്ള വിഷയമായതിനാൽ വിശദീകരിക്കുന്നില്ല. |

| | |
|---|---|
| (സി) വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്തെല്ലാം സംഗതികളാണ് വിജിലൻസ് അന്വേഷണത്തിന് വിട്ടിരിക്കുന്നത് ? | (സി) ഇതു സംബന്ധിച്ച് പാലക്കാട് വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുഖേന സത്വരാന്വേഷണങ്ങൾ നടന്നുവരുന്നു. നെല്ലിയാമ്പതി ഭൂമി പ്രശ്നത്തിൽ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണിക്കും ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ.പി.സി.ജോർജ്ജിനുമെതിരായി ജോർജ് വട്ടുകുളം ഫയൽ ചെയ്ത ഹർജിയിൽ തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവായതിൻ പ്രകാരം അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ